(സി) കുമളിയിൽ ഇപ്പോഴത്തെ ഒരു വിദേശമദ്യ ചില്ലറ വിൽപ്പനശാല ഉണ്ട്. സർക്കാർ ഉടമയിൽ ഷോപ്പു തുടങ്ങാൻ ഉദ്ദേശമില്ല.

ഈ വർഷത്തേക്ക് ആവശ്യമുണ്ടായിരുന്ന സ്പിരിറ്റ്

537. [740] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസ് വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) ഈ വർഷം എത്ര സ്പിരിറ്റ് ആവശ്യമുണ്ടായിരുന്നു ;

(ബി) 28-2-1986-വരെ കിട്ടിയ സ്പിരിറ്റ് എത്ര ;

(സി) ലേലക്കാർക്ക് എത്ര സ്പിരിറ്റ് കൊടുക്കാമെന്ന് വ്യവസ്ഥയുണ്ടോ ;

(ഡി) കള്ളക്കടത്തിൽ കൊണ്ടുവന്നതിന്റെ പേരിൽ എത്ര സ്പിരിറ്റ് പിടിച്ചെടുത്തു ?

ഉത്തരം

(എ) ഈ നടപ്പു ആഴ്ക്കഹോൾ വർഷം (ഡിസംബർ 85, നവംബർ 86) ഏകദേശം 150 ലക്ഷം ലിറ്റർ സ്പിരിറ്റ് ആവശ്യമുണ്ട്.

(ബി) 1985-86 ആഴ്ക്കഹോൾ വർഷത്തേക്ക് 1985, ഡിസംബർ മുതൽ 86 നവംബർ വരെ) 23.50 ലക്ഷം ലിറ്റർ സ്പിരിറ്റ് ഇതുവരെയായി അനുവദിച്ചിട്ടുണ്ട്.

(സി) ലേലക്കാർക്ക് സ്പിരിറ്റ് കൊടുക്കുവാൻ വ്യവസ്ഥയില്ല എന്നാൽ ചാരായഷാപ്പുകൾക്ക് നിശ്ചയിച്ചിട്ടുള്ള കാട്ടാ ചാരായം കൊടുക്കുവാൻ കരാറിൽ വ്യവസ്ഥയുണ്ട്.

(ഡി) കള്ളക്കടത്തിൽ പിടിച്ച സ്പിരിറ്റിന്റെ വിവരങ്ങൾ ശേഖരിച്ചു വരുന്നു.

Smuggling of Rectified spirit

538. [741] **Dr. A. Subbah Rao** : Will the Minister for Excise be pleased to state :

How many litres of illegal rectified spirit have been seized in Mangalore and Kerala Check Post in Kasaragod District during this year; so far ?

Answer

Only one case involving 1900 litres of spirit was detected in the Kasaragod District during 1985-86.

സ്പിരിറ്റ് കള്ളക്കടത്ത് കേസുകൾ

539. [742] ശ്രീ. കെ. മൂസ്സക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസ് വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) 1985-86-ൽ സംസ്ഥാനത്ത് സ്പിരിറ്റ് കള്ളക്കടത്തിന് എത്ര കേസുകൾ ചാർജ് ;

(ബി) ആരുടെയെല്ലാം പേരിൽ ?

ഉത്തരം

(എ) 1985-86-ൽ സംസ്ഥാനത്ത് 14 സ്പിരിറ്റ് കള്ളക്കടത്ത് കേസുകൾ ചാർജ് ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly